പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: **844** — 12.06.2013 ൽ മറുപടിക്ക്

## നദീതട സംരക്ഷണ പദ്ധതി

| | ചോദ്യം<br>ശ്രീ .പി.കെ.ബഷീർ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന നദീതടസംരക്ഷണ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിനകത്തെ നദീതടസംരക്ഷണത്തിനായി ജലവിഭവ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടും സംസ്ഥാന ഫണ്ടും വിനിയോഗിച്ച് നദികളുടെ സ്ഥായിയായ നിലനിൽപ്പിന് സഹായകരമായ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നദീതട സംരക്ഷണത്തിനായി ഓരോ നദീതടത്തിനകത്തും വരുന്ന കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് ഭൂജലപോഷണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ഒപ്പം തോടുകളുടെയും മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങളുടേയും സംരക്ഷണ പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | മലപ്പുറം ജില്ലയിലെ ഏതെല്ലാം നദികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) & (സി) | മലപ്പുറം ജില്ലയിലൂടെ ഒഴുകുന്ന പ്രധാന നദികളായ ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ, തിരൂർപ്പുഴ തുടങ്ങിയ നദീതടങ്ങളിൽ വരുന്ന ജലസ്രോതസ്സു- കളുടെ സംരക്ഷണ പ്രവൃത്തികളും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു വരുന്നു. |
| (സി) | ചാലിയാർ പുഴയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ